സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ബോർഡിലേക്കുള്ള ബാദ്ധ്യതകൾ എഴുതി തള്ളുന്ന സംഗതി - പുതുക്കിയ സർക്കാർ ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC **13050/18/Est-1** നന്തൻകോട്,06-03-2019

---

പരാമർശം :- 1) 27-10-1997 ലെ 919/97/ധന നമ്പർ സർക്കാർ ഉത്തരവ്.

2) 18-06-1998 ലെ ROC 122/98/Est-1 നമ്പർ ബോർഡുത്തരവ്.

3) 17-07-2017 ലെ സ.ഉ.(പി) 91/17/ധന നമ്പർ ഉത്തരവ്.

4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 18-2-2019 ലെ DA 107/19/E നമ്പർ റിമാർക്ക്സ്.

## ഉത്തരവ്

സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ 2 ലക്ഷം രൂപ വരെയുള്ള സർക്കാർ ബാദ്ധ്യത എഴുതി തള്ളുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിരുന്ന പരാമർശം 1 ഉത്തരവ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കിയിരുന്നു (പരാമർശം -2).

പരാമർശം 1 ഉത്തരവ് ഭേദഗതി ചെയ്ത് സർക്കാർ പരാമർശം 3 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ബാധകമാക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സ് ലഭിച്ചു (പരാമർശം -4).

ആയത് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കുംപ്രകാരം ഉത്തരവാകുന്നു.

സർവ്വീസിലിരിക്കെ മരണമടയുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 5,00,000/- (അഞ്ച് ലക്ഷം) രൂപ വരെയുള്ള ബോർഡിലേക്കുള്ള ബാദ്ധ്യത എഴുതി തള്ളുന്നതാണ്. ആയതിന് ചുവടെ വിവരിക്കുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

i) ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, ഭവന/വാഹന വായ്പകളുടെ പലിശ, പലിശ രഹിത ചികിത്സാ വായ്പ, ഓണം അഡ്വാൻസ്, ക്ലാസ് 4 വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പ എന്നിവ എഴുതിതള്ളുന്ന ബാദ്ധ്യതകളിൽ ഉൾപ്പെടുന്നതാണ്.

ii) ഒന്നിലധികം ബാദ്ധ്യതകൾ നിലനിൽക്കുന്ന പക്ഷം ഏറ്റവും പഴക്കം ചെന്ന ബാദ്ധ്യതകൾ മുൻഗണന ക്രമത്തിൽ എഴുതിതള്ളുന്നതാണ്.

(മറുപുറം)

iii) അഞ്ച് ലക്ഷത്തിൽ അധികം വരുന്ന ബാദ്ധ്യതകൾ മരണമടഞ്ഞവരുടെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ ടിയാളുകളുടെ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുംപ്രകാരം ഈടാക്കുന്നതാണ്.

iv) വായ്പ എഴുതിതള്ളുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പ തുക പൂർണ്ണമായും എടുത്ത ആവശ്യത്തിന് ഉപയോഗിച്ചെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

v) ഭവനനിർമ്മാണ വായ്പ കേസുകളിലെ ബാദ്ധ്യത തുക എഴുതിതള്ളുന്നത് ദേവസ്വം കമ്മീഷണറുടെ/ചീഫ് എഞ്ചിനീയർ (ജനറൽ) ടെ റിപ്പോർട്ട് കൂടി വാങ്ങി പരിശോധിച്ച ശേഷമായിരിക്കണം.

vi) വായ്പ തുക പൂർണ്ണമായും അതാത് ആവശ്യത്തിന് ഉപയോഗിക്കാത്ത കേസുകളിൽ ബാദ്ധ്യത തുക എഴുതി തള്ളുന്നതല്ല. അത്തരം കേസുകളിൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ചട്ടം 303 ന് താഴെയുള്ള കുറിപ്പ് പ്രകാരം മുഴുവൻ തുകയ്ക്കും 18 % പിഴപലിശ കൂടി ഈടാക്കുന്നതാണ്.

vii) സംയുക്ത ഭവന നിർമ്മാണ വായ്പ കേസുകളിൽ ജീവനക്കാരുടെ ബാദ്ധ്യത 50 : 50 ആയതിനാൽ അത്തരം കേസുകളിൽ അന്തരിച്ച ജീവനക്കാരന്റെ ബാദ്ധ്യത മറ്റ് നിബന്ധനകൾക്ക് വിധേയമായി എഴുതി തള്ളുന്നതാണ്.

viii) ഈ ഉത്തരവ് പ്രകാരം ബാദ്ധ്യത എഴുതിതള്ളുന്നതിനുള്ള അധികാരം ബോർഡിൽ നിക്ഷിപ്തമാണ്. ബാദ്ധ്യത എഴുതി തള്ളുന്നതിനുള്ള ശുപാർശയിൽ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം വാങ്ങേണ്ടതാണ്.

ix) ഈ ഉത്തരവ് തീയതി മുതൽ തീർപ്പാക്കുന്ന കേസുകൾക്ക് ഉത്തരവ് ബാധകമാകുന്നതാണ്.

x) തീർപ്പാക്കിയ കേസുകൾ പുന:പരിശോധിക്കേണ്ടതില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
*(ഒപ്പ്)*
**സെക്രട്ടറി**

പകർപ്പ് :-
1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. തിരുവാഭരണം കമ്മീഷണർ
4. ചീഫ് എഞ്ചിനീയർ
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
6. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
7. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
8. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
9. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വകുപ്പ്
10. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
11. ഇ.ഡി.പി. സെക്ഷൻ
12. സെക്ഷൻ ഫയൽ
13. ഫയൽ ബുക്ക്
14. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്
Reginald
അസിസ്റ്റന്റ് സെക്രട്ടറി